10
FMIS
3/12/18
PRO


# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,
തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

**തീയതി.03.12.2018.**

### കേരളത്തിലെ പക്ഷിവൈവിധ്യം:
### പോസ്റ്റർ പ്രകാശനം ഇന്ന് (ഡിസംബർ 4)

കേരളത്തിലെ പക്ഷി വൈവിധ്യത്തെ അധികരിച്ച് വനംവകുപ്പ്, കാർഷിക സർവ്വകലാശാല, ബേഡ്സ് കൗണ്ട് ഇന്ത്യ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ തയ്യാറാക്കിയ പോസ്റ്ററുകളുടെ പ്രകാശനം ഇന്ന് (ഡിസംബർ 4) നടക്കും. വനം വകുപ്പാസ്ഥാനത്തെ വനശ്രീ ആഡിറ്റോറിയത്തിൽ വൈകിട്ട് 3-ന് നടക്കുന്ന ചടങ്ങിൽ വനം മന്ത്രി അഡ്വ. കെ. രാജു പോസ്റ്ററുകൾ പ്രകാശനം ചെയ്യും. സോഷ്യൽഫോറസ്ട്രി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ.എ. മുഹമ്മദ് നൗഷാദ് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സംസ്ഥാന ജൈവവൈവിദ്ധ്യബോർഡ് ചെയർമാൻ ഡോ. എസ്.സി. ജോഷി മുഖ്യാതിഥിയാകും. കാർഷിക സർവ്വകലാശാല വന്യജീവി വിഭാഗം മേധാവി ഡോ. പി. ഒ. നമീർ സ്വാഗതമാശംസിക്കുന്ന ചടങ്ങിൽ പ്രവീൺ ജെ. ആമുഖപ്രഭാഷണം നടത്തും.

കേരളത്തിലെ ഓരോ ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്ക് ചടങ്ങിൽ മന്ത്രി പോസ്റ്ററുകൾ കൈമാറും. തിരുവനന്തപുരം മേയർ, തിരുവല്ല, കളമശ്ശേരി, നിലമ്പൂർ, നഗരസഭകളുടെ ചെയർപേഴ്സൻമാർ, കുളത്തൂപ്പുഴ, പാറത്തോട്, കുമിളി, കോടംതുരുത്ത്, മാടത്തറ, ഇലപ്പുള്ളി, കാക്കൂർ, മാടായി, വൈത്തിരി, കുമ്പള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ പോസ്റ്ററുകൾ ഏറ്റുവാങ്ങും.

വനം വകുപ്പിന്റെ ബയോഡൈവേഴ്സിറ്റി സെൽ അഡീ. പി.സി.സി.എഫ്.പത്മ മഹന്തി, കാർഷിക സർവ്വകലാശാല ഡയറക്ടർ (ഗവേഷണം) ഡോ. ഇന്ദിരാദേവി, ഡോ. സുഗേൽ ക്വാഡെർ, തുടങ്ങിയവർ ആശംസകളർപ്പിക്കും. വേൾഡ് വൈഡ് ഫണ്ട് ഡയറക്ടർ രാജൻ മാത്യുവർഗീസ് ചടങ്ങിന് നന്ദി പറയും.

FIBPR-55

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ